# Mathrubhumi

# 23 August 2018

# Kuthattukulam, Flood Relief Fund



## ദുരിതാശ്വാസ നിധിയിലേക്ക് സ്വന്തം ഭൂമി നൽകി ചന്ദ്രശേഖരനും കുടുംബവും

**കൂത്താട്ടുകുളം** ► പ്രളയ ദുരിതാശ്വാസ രംഗത്ത് സേവനത്തിന്റെ മറ്റൊരു വഴി തുറക്കുകയാണ് തിരുമാറാടി സോപാനത്തിൽ ചന്ദ്രശേഖര പണിക്കരും കുടുംബവും. ലക്ഷങ്ങൾ വിലമതിക്കുന്ന കൂത്താട്ടുകുളത്തെ 38 സെന്റ് സ്ഥലം ദുരിതാശ്വാസത്തിന് നൽകുന്നതിനാണ് ഈ കുടുംബം തീരുമാനമെടുത്തത്.

സ്ഥലം വിറ്റ് ലഭിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുകയോ പ്രളയം മൂലം ഭൂരഹിതരായവർക്ക് കൊടുക്കുകയോ ചെയ്യാമെന്ന് ചന്ദ്രശേഖര പണിക്കരുടെ കുടുംബം പറയുന്നു. റിട്ട. റവന്യു ഇൻസ്പെക്ടറായ പണിക്കരുടെയും റിട്ട. പ്രധാനാധ്യാപികയായ കെ.സി. ആനന്ദവല്ലിയുടെയും മൂത്ത മകൻ ജയചന്ദ്രനാണ് കൂത്താട്ടുകുളം കാലിക്കറ്റ് കവല റോഡിലുള്ള വസ്തു വർഷങ്ങൾക്കു മുമ്പ് വാങ്ങിയത്. അമേരിക്കയിൽ സോഫ്റ്റ്‌വേർ എൻജിനീയറാണ് ജയചന്ദ്രൻ. മറ്റു മക്കളായ അജിമോൻ ഓസ്ട്രേലിയയിൽ എൻജിനീയറാണ്. മകൾ മഞ്ജു കടവന്ത്രയിൽ താമസിക്കുന്നു.

റബ്ബർകൃഷി നടത്തുന്ന ഈ സ്ഥലത്തിന്റെ ഇരുവശത്തും പൊതു റോഡുണ്ട്. ഭൂമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം എന്ന വിവരം മകൻ ജയചന്ദ്രനും ചന്ദ്രശേഖര പണിക്കരും സി.പി.എം. ജില്ലാ നേതൃത്വത്തെ അറിയിക്കുകയായിരുന്നു.

ഏരിയ സെക്രട്ടറി ഷാജു ജേക്കബ്, ലോക്കൽ സെക്രട്ടറി അനിൽ ചെറിയാൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം സ്ഥലത്തെത്തി കൂത്താട്ടുകുളം റവന്യു വില്ലേജ് അധികൃതരോട് സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

സ്ഥലം പാർട്ടി ജില്ലാ സെക്രട്ടറിയുടെ പേരിലേക്ക് ആധാരം ചെയ്ത് നൽകുന്നതിനാണ് ആലോചിക്കുന്നത്. തുടർന്ന് ഉണ്ടാകുന്ന തീരുമാനപ്രകാരമായിരിക്കും ഭൂമിയുടെ വിനിയോഗം നടക്കുക.

► ചന്ദ്രശേഖര പണിക്കരും ഭാര്യ കെ.സി. ആനന്ദവല്ലിയും

► കൂത്താട്ടുകുളം കാലിക്കറ്റ് കവലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്ന സ്ഥലം. സി.പി.എം. ഭാരവാഹികൾ സന്ദർശിക്കുന്നു